For Private Circulation Only

August 2023

ആഗമനാരുണൻ

HOLY BIBLE

Vol.70 | "നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിന് നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ?" (സങ്കീ. 85:6) | No.8

"നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിന് നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ?" (സങ്കീ. 85:6).

നിങ്ങൾ ഈ പ്രാർത്ഥന പ്രാർത്ഥിക്കുമെങ്കിൽ ഞാൻ ഈ ഭാഗത്തുനിന്നും പ്രസംഗിക്കുന്നതിനെക്കാൾ വളരെ നല്ലതായിരിക്കും അത്. എങ്ങനെ പ്രാർത്ഥിക്കണം എന്ന് നമുക്ക് അറിയാം. എന്നാൽ നാം അങ്ങ് ചെയ്യുന്നില്ല എന്നതിനാൽ ഞാൻ ഭയപ്പെടുന്നു. അതെ, ഞാൻ പ്രാർത്ഥിക്കുന്നു, എന്നാൽ എന്റെ പ്രിയ സഹോദരന്മാരെ, സഹോദരിമാരേ, ഞാൻ നിങ്ങളെ ഉത്സാഹിപ്പിക്കുന്നു പ്രാർത്ഥനയ്ക്കായി. എന്നാൽ പ്രാർത്ഥനയ്ക്ക് പറ്റിയ സമയമല്ലാതിരിക്കാം, എങ്കിലും പ്രാർത്ഥിക്കാം. നമുക്ക് വേറിട്ടു പോകാം പ്രാർത്ഥനയ്ക്കായി അവസരം കണ്ടെത്താം. ശക്തമായി പ്രാർത്ഥിക്കാം. നമുക്ക് ദൈവത്തോട് അടുത്തുചെല്ലാം, എന്നിട്ട് നമുക്കു പറയാം, "നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിന് നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ?" (സങ്കീ. 85:6).

ഈ സമയം ഇങ്ങനെയൊരു പ്രാർത്ഥന ആവശ്യമില്ലേ? നമുക്ക് ഈ വേദഭാഗത്തിലേക്ക് ഉറ്റുനോക്കി അതിന് ഒരു ഉത്തരം ലഭ്യമാക്കുന്നതിന് സഹായിക്കേണമേ എന്ന് പറയാം. പ്രിയ സഹോദരങ്ങളേ, നമുക്കു ഓർക്കുവാൻ ചില കൃപയുടെ പ്രവൃത്തികൾ കഴിഞ്ഞ കാലങ്ങളിൽ നമുക്കു കാണാം. യഹോവേ നീ നിന്റെ ദേശത്തെ കടാക്ഷിച്ചിരിക്കുന്നു; യാക്കോബിന്റെ പ്രവാസികളെ തിരിച്ചു വരുത്തിയിരിക്കുന്നു. നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിന് നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ? കഴിഞ്ഞ കാലങ്ങളിൽ അവിടുത്തെ ബലമുള്ളകരം അവരോട് കൂടെയിരുന്ന് കൂട്ടിച്ചേർത്തതും, ദൈവത്തിന്റെ കരം ദൈവത്തിന്റെ വചനം കേട്ട് ദൈവസാന്നിധ്യം അനുഭവിച്ച ശ്രേഷ്ഠമേറിയ നാളുകളുടെ ഓർമ്മകൾ അവർക്കുണ്ട്. ഇനിയെപ്പോഴെങ്കിലും ഇതുപോലെയൊരു സന്ദർഭം ഉണ്ടാകും എങ്കിൽ ഈ പ്രാർത്ഥന നമുക്കു പ്രാർത്ഥിക്കാം. "കർത്താവേ, അങ്ങേയ്ക്കു കഴിയും, വീണ്ടും ഒരു ഉണർവ്വ് ഞങ്ങൾക്കു വേണ്ടി അയയ്ക്കുവാൻ ഞങ്ങൾ പ്രാർത്ഥിക്കുന്നു, ഇത്രത്തോളം അവിടുത്തെ പ്രവൃത്തി ഞങ്ങൾക്കു വേണ്ടി അയച്ചു, ഇപ്പോൾ അവിടുന്ന് ഞങ്ങൾക്കുവേണ്ടി പ്രവർത്തിക്കേണമേ എന്ന് കെഞ്ചുന്നു, നിന്റെ ജനത്തിന്റെ കണ്ണിൻ മുമ്പിൽ നിന്റെ കരുണ വീണ്ടും കാണിക്കുമാറാകേണമേ".

ഉണർവ്വിനുവേണ്ടിയുള്ള പ്രാർത്ഥന

By Charles H. Spurgeon

വേറെ ഒരവസരം ഇതേ പ്രാർത്ഥന ആവർത്തിക്കുന്നു, ഒരു സന്തോഷം കടന്നുവന്നപ്പോൾ ഒരു മേഘം അവരെ മൂടുന്ന അനുഭവം ഉണ്ടായപ്പോൾ സങ്കീർത്തനക്കാരൻ ഇങ്ങനെ പറയുന്നു, "നീ എന്നും ഞങ്ങളോട് കോപിക്കുമോ? ഒരു തലമുറയോളം നിന്റെ കോപം ദീർഘിച്ചിരിക്കുമോ?" നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിന് നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ? (വാക്യം 5, 6) ദൈവത്തിന്റെ സഭ ഇത്തരം ഒരു അവസ്ഥയിൽ എത്തിയിരിക്കുന്നു എന്ന് എനിക്കു തോന്നു. അതു വേണ്ടും വണ്ണം ഗ്രഹിക്കുവാൻ ദൈവജനത്തിന് കഴിഞ്ഞുവോ എന്ന് ഞാൻ സംശയിക്കുന്നു. കാരണം, ഇതു വ്യാപരിക്കുന്നു, പ്രാർത്ഥനാ ജീവിതവും വിശുദ്ധജീവിതവും കുറഞ്ഞിരിക്കുന്നു, അതു കൊണ്ട്, എനിക്കു തോന്നുന്നു, ഇത് ദൈവത്തോട് നിലവിളിപ്പാനുള്ള കാലം, നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ? ഞാൻ ജനത്തെ പ്രബോധിപ്പിച്ച് പറയുന്നത്, ഇപ്പോൾ നിങ്ങളുടെ ജീവിതത്തിൽ എപ്പോഴും പ്രാർത്ഥന ഉണ്ടായിരിക്കട്ടെ.

മറ്റൊരവസരം, വിശുദ്ധന്മാരുടെ ജീവിതത്തിൽ ആത്മീകമായി അലസതയുണ്ടായിട്ട് പ്രാർത്ഥനയ്ക്കായി ആവശ്യം വരുന്ന സന്ദർഭം കാണാം. നിങ്ങൾ എല്ലായ്പ്പോഴും ഒരുപോലെ ഉത്സാഹമുള്ളവരാണോ? നിങ്ങൾ എല്ലായ്പോഴും ഒരുപോലെ സന്തോഷമുള്ളവരാണോ? ഞാൻ വിശ്വസിക്കുന്നു, ഇല്ല. എപ്പോഴെങ്കിലും നിങ്ങളുടെ ജീവിതത്തിൽ ഇതുപോലുള്ള അവസരം കടന്നുവന്നാൽ, മന്ദതയും അലസതയും കടന്നുവന്നാൽ ഇവിടെ ഒരു പ്രാർത്ഥന നിങ്ങൾക്ക് വേണ്ടിയുണ്ട്. "നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ" കർത്താവേ വന്ന് ഞങ്ങളെ വീണ്ടും ജീവിപ്പിക്കേണമേ. തളർന്ന നിന്റെ മക്കളുടെമേൽ നിന്റെ പുതിയ ശക്തി പകരണമേ. ശീതോഷ്ണാവസ്ഥയിൽ ആയിരിക്കുന്ന നിന്റെ മക്കളുടെ മേൽ ജീവന്റെ അഗ്നി കത്തിക്കേണമേ. ചാവാറായ ശേഷിപ്പുകളെ ജീവിപ്പിച്ചു നിന്റെ മക്കളുടെ മേൽ ജീവന്റെ ശക്തി നൽകേണമേ.

പരിശ്രമങ്ങൾ പരാജയപ്പെടുന്നു എന്ന് തോന്നുമ്പോൾ ഉചിതമായ ഒരു പ്രാർത്ഥന അടുത്തതായികാണുന്നു. നമുക്ക് വേണ്ടപ്പെട്ടവരിൽ ചില ജീവിതങ്ങളെ മാനസാന്തരത്തിലേക്ക് നയിക്കുന്നതിൽ നാം പരാജയപ്പെട്ടിരിക്കാം. കൂട്ടുവേലക്കാർ പരാജയം പറഞ്ഞ് വേല ഉപേക്ഷിച്ചു പോകും എന്ന് ചിന്തിക്കുന്ന സാഹചര്യം ഉണ്ടായിട്ടും പറ്റിച്ചേർന്ന് നിന്ന് പ്രാർത്ഥിക്കുന്ന പ്രാർത്ഥനയാണ്. "ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ?" കർത്താവേ ഒരിക്കൽ കൂടെ ഞങ്ങളെ അയക്കേണമേ, സമയം അതിക്രമിച്ചിരിക്കുന്നു. ആത്മാക്കൾ ഒരുക്കപ്പെട്ടിരിക്കുന്നു.

വീണ്ടും ഒരിക്കൽ കൂടെ ഉചിതം എന്നു ചിന്തിക്കുന്ന പ്രാർത്ഥന ഇവിടെ കാണാം. ഇവിടെ ഇതാ ഒരു കൂട്ടം ആളുകൾ പിന്മാറ്റക്കാരായി പോയിരിക്കുന്നു. ചിലർ ആത്മീകമായി രോഗം ബാധിച്ചവരായിരുന്നു. ക്ഷീണിച്ചുമടുത്തിരിക്കുന്നു, വീണ്ടും ഓടുവാൻ കഴിയാതെ ഉള്ളിൽ ക്ഷീണിച്ചു മടുത്തു ഇരിക്കുന്നു. അവർ ദു:ഖത്തോടെ ചോദിക്കുന്നു. എന്താണ് അവരുടെ ജീവിതത്തിന്റെ തടസ്സം. കർത്താവിന്റെ ശുശ്രൂഷയിൽ പ്രയോ

(ശേഷം 2-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച)

ഉണർവ്വിനുവേണ്ടിയുള്ള പ്രാർത്ഥന

ജനപ്പെടുന്ന ചിലരുണ്ട്. വീടുകളെ ഉപേക്ഷിച്ചവർ, അവരുടെ ജീവിതവഴികളെ ഉപേക്ഷിച്ചവർ, അവർക്കുണ്ടായിരുന്ന നല്ല പേരു പോലും വകവയ്ക്കാതെ ഉപേക്ഷിച്ചവർ. അതെ, പിന്നെ എന്താണ്? ഈ പ്രാർത്ഥന അവരുടെ വായിൽ, ഹൃദയങ്ങളിൽ ഉണ്ടായിരിക്കട്ടെ, നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ? ആളുകളുടെ വലിയ ഇടയൻ വരും, വന്നു വഴി തെറ്റി നടക്കുന്ന ആടുകളെ മടക്കിവരുത്തും. പരിശുദ്ധാത്മാവ് വന്ന് ക്ഷീണിച്ചു തളർന്ന് മരിക്കാൻ ഒരുങ്ങിയിരിക്കുന്ന തന്റെ ജനത്തെ ജീവിതത്തിലേയ്ക്കു മടക്കിവരുത്തും, എല്ലാ കണ്ണീരും തുടയ്ക്കും.

പ്രാർത്ഥനയുടെ ഗുണങ്ങൾ

ഇപ്പോൾ ഈ പ്രാർത്ഥനയുടെ ഗുണങ്ങളെക്കുറിച്ച് വിശദീകരിക്കുകയാണെങ്കിൽ, " നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ " ഈ പ്രാർത്ഥനയെ നാം വിശദീകരിച്ച് പഠിച്ചാൽ:

അതെ, ഇതർത്ഥമാക്കുന്നത്, ഒന്നാമതായി, ദൈവത്തിൽ ആശ്രയിക്കുകയാണ്. നിങ്ങൾ ശരിയായി ഈ പ്രാർത്ഥന പ്രാർത്ഥിച്ചാൽ നിങ്ങൾക്ക് അനുഭവമാകുന്നത് എന്താണ്, " കർത്താവേ, മറ്റാരും ഈ പ്രാർത്ഥന കേൾക്കുവാനില്ല, എന്നാൽ , നീ മാത്രം. ദൈവം മറുപടി നൽകുന്നില്ല എങ്കിൽ ഒരു സഭയ്ക്ക് മറുപടി നൽകുവാൻ സാധ്യമല്ല. ഒരു ആത്മാവ് രക്ഷിക്കപ്പെടേണം എങ്കിൽ ഒരു വിശ്വാസിയിൽ ആത്മീക വർദ്ധന നടക്കണമെങ്കിൽ ദൈവത്തിന്റെ പ്രവൃത്തിയില്ലാതെ സാദ്ധ്യമല്ല. അതുകൊണ്ടാണ് ഈ പ്രാർത്ഥന അർത്ഥവത്തായി തീരുന്നത്, "കർത്താവേ നിന്റെ കൈ നിന്റെ പ്രവൃത്തിയുടെമേൽ ഇരിക്കട്ടെ, നിന്റെ വലതുകരം അതിന്മേൽ ഇരിക്കുമാറാകട്ടെ എന്ന് താഴ്മയായി പ്രാർത്ഥിക്കുന്നു. നിന്നിൽ മാത്രം ഞങ്ങൾ ആശ്രയിക്കുന്നു. നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ?

പ്രാർത്ഥനയുടെ ഗുണങ്ങളിൽ അടുത്തതായി, "കർത്താവേ, നിനക്കു ഞങ്ങളെ ഉദ്ധരിക്കുവാൻ കഴിയും. ഞങ്ങൾ കുഴിയുടെ ആഴങ്ങളിൽ വീണിരിക്കുന്നു. എന്നാൽ നിനക്ക് ഞങ്ങളെ രക്ഷിക്കുവാൻ കഴിയും. ഞങ്ങൾ മരിച്ചവരായി കാണപ്പെടുന്നു. നിനക്ക് മാത്രമേ ഞങ്ങളെ ജീവിപ്പിക്കുവാൻ കഴിയു. നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ? ഞങ്ങൾക്ക് അസാധ്യമാണ്, എന്നാൽ അങ്ങേയ്ക്ക് കഴിയും, കർത്താവേ, നിന്റെ കയ്യുടം സ്പർശനം മതി, ഒരു ശ്വാസം മാത്രം മതി, ഇത് നടക്കും. നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ? പ്രീയ സഹോദരീ സഹോദന്മാരേ, ഞങ്ങൾ ദൈവത്തെ വിശ്വസിക്കുന്നു, നിങ്ങൾ അങ്ങനെ അല്ലേ? ഞങ്ങൾ വിശ്വസിക്കുന്നു. സഭ ഏതു നിലവാരത്തിൽ ആയിരുന്നാലും, അതിൽ നിന്നും പുറത്തു കൊണ്ടുവരുവാൻ ദൈവത്തിന് കഴിയും. ദൈവത്തിന് അനുഗ്രഹിക്കാൻ കഴിയും. ഒരു അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. ഇതിനെ പ്രാർത്ഥനയുടെ ഗുണമാക്കിതീർക്കുക. കർത്താവേ, നിന ക്ക് ഞങ്ങളെ ഏറ്റുകൊള്ളുവാൻ കഴിയും, ഞങ്ങൾ വിശ്വസിക്കുന്നു, ഞങ്ങൾ അതിനായി നോക്കിപ്പാർക്കുന്നു.

അടുത്തതായി പ്രാർത്ഥനയുടെ ഗുണം എന്നത് മുട്ടിപ്പായി പ്രാർത്ഥിക്കുക എന്നതാണ്. നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ. ഇത് അചഞ്ചലമായ അപേക്ഷയാണ്, നിർബ്ബന്ധിക്കുകയാണ്, ദൈവത്തോട് വാദിക്കുകയാണ്. ഇത് ചെയ്യുക, ഞാൻ നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കും, പ്രീയ സഹോദരീ സഹോദരന്മാരേ, സഭയുടെ ഇന്നത്തെ നിലവാ

(ശേഷം 8-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ സന്തോഷിപ്പിൻ എന്നു ഞാൻ പിന്നെയും പറയുന്നു. നിങ്ങളുടെ സൗമ്യത സകല മനുഷ്യരും അറിയട്ടെ. കർത്താവു വരുവാൻ അടുത്തിരിക്കുന്നു. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുത്, എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടു കൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു. എന്നാൽ സകല ബുദ്ധിയേയും കവിയുന്ന ദൈവസമാധാനം നിങ്ങളുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും "(ഫിലി. 4:4-7).

ജൂലൈ നമ്മെ വിട്ട് കടന്നു പോയി. ആഗസ്റ്റ് മാസത്തിലേക്ക് നാം കടന്നു വന്നിരിക്കുന്നു. നാം ദൈവഭയത്തിലും ദൈവവഴികളിലും നടക്കുവാൻ ശ്രമിക്കുക. നമ്മുടെ വഴികൾ യഹോവെക്കു പ്രസാദകരമായിരിക്കട്ടെ. നാം ദൈവവഴികളിൽ നടക്കുകയും ക്രിസ്തുവിന്റെ ജീവിതത്തെ അനുഗമിക്കുകയും നല്ല ഫലം പുറപ്പെടുവിക്കുന്ന വൃക്ഷങ്ങളായി തീരുകയും ചെയ്യുക. ഇപ്രകാരം നാം ദൈവത്തിന് പ്രസാദകരമായ ജീവിതം നയിക്കുമ്പോൾ നാം അനുഭവിക്കുന്ന ദു:ഖത്തിനും പ്രശ്നങ്ങൾക്കും ദിവ്യ സമാധാനവും സന്തോഷവും ഉണ്ടാകും. അതുകൊണ്ട് നിങ്ങളുടെ കുറവുകളെ കർത്താവിനോടു ഏറ്റുപറഞ്ഞ് ആത്മാവിൽ എരിവുള്ളവരായി കർത്താവിന്റെ ദിവ്യസാന്നിധ്യത്താൽ നിറയപ്പെട്ട് ദൈവത്തിന് പ്രസാദകരമായ ജീവിതം നയിച്ച് അവന്റെ നാമത്തെ മഹത്വപ്പെടുത്തുകയും ചെയ്യുക.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആരിൽ നിന്നും ഒരു പ്രതികരണവും ലഭിക്കുന്നില്ല. നിങ്ങളുടെ അഭിപ്രായങ്ങൾ അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

ഒരു തകർന്ന എന്നാൽ നിറഞ്ഞ പാത്രം

By Jonathan Goforth missionary to China

ചൈനയിൽ നേരത്തെ വർത്തമാനപത്രം ഉണ്ടായിരുന്നു. കഥ പറച്ചിൽ എന്നത് ഒരു പ്രധാന ഇനമായിരുന്നു. വാർത്തകൾ ആളുകളിൽ എത്തിച്ചേരുവാനുള്ള എളുപ്പവഴി ഇതായിരുന്നു. കഥ പറയുന്ന ഒരാൾ പഴയ കാലത്തെ യും പുതിയ കാലത്തെയും കഥ പറയുന്നതിൽ കഴിവുള്ള ആളായിരിക്കണം. വാംഗ്ഫുളിൻ എന്ന ആൾ സാധാരണയിൽ കവിഞ്ഞ കഴിവുള്ള ആളായിരുന്നു. ഓരോ രാത്രിയിലും ധാരാളം ആളുകൾ കൂടി വന്നിരുന്നു. അദ്ദേഹം അ ങ്ങനെ സാമാന്യം നല്ല ജീ വിതം നയിച്ചിരുന്നു.

നല്ല പഠന കാലത്തു തന്നെ താൻ കറുപ്പിന് അടിമയായിരുന്നു. ഇതു തന്നെ ബാധിച്ചു. അദ്ദേഹം കഥ പറച്ചിൽ അവസാനിപ്പിച്ചു. മയക്കുമരുന്ന് ഉപയോഗിക്കുന്നവരുടെ ക്യാംപിൽ ആയിത്തീർന്നു.

റോസെലിനും ഞാനും കൂടെ അദ്ദേഹത്തെ ആദ്യമായി കാണുമ്പോൾ അദ്ദേഹത്തിന് മുപ്പത്തിയെട്ട് വയസ്സ് പ്രായമുണ്ടായിരുന്നു. ശാരീരികമായും മാനസികമായും അദ്ദേഹം തകർന്നവനായിരുന്നു. തകർന്നവനായി അസ്ഥിയും ത്വക്കും മാത്രമുള്ള രൂപമായിരുന്നു. അദ്ദേഹത്തിന്റെ വീടുള്ള പട്ടണത്തിൽ ഞാൻ പത്തു ദിവസം താമസിച്ചു. ഒരു ദിവസവും ഉച്ചയ്ക്കുശേഷം വാംഗ്ഫുളിനെ കാണും. ലോഡ്ജിന്റെ പടിഞ്ഞാറെ മുറിയിൽ അദ്ദേഹം കറുപ്പിന്റെ ലഹരിയിൽ മുങ്ങി അങ്ങനെ കാണും.

ഒരു സന്ധ്യാവേളയിൽ ഞാൻ അദ്ദേഹത്തോടു പറഞ്ഞു, വാഗ്ഫുളിൻ, ഞാൻ നിങ്ങളെക്കുറിച്ച് ഭയപ്പെടുന്നു. നിങ്ങൾ തിരഞ്ഞെടുത്തിരിക്കുന്ന വഴി നരകത്തിൽ നിങ്ങളെ എത്തിക്കും. നിനക്ക് വിടുതൽ പ്രാപിക്കുവാൻ കഴിയുകയില്ല. എന്നാൽ യേശുവിൽ വിശ്വസിച്ചാൽ നിങ്ങൾക്കു കറുപ്പിന്റെ പിടിയിൽ നിന്നു രക്ഷപ്പെടുവാൻ കഴിയും.

അദ്ദേഹം മുറിഞ്ഞ സ്വരത്തിൽ മറുപടി പറഞ്ഞു. "എനിക്കു അറിയാം നിങ്ങൾ പറയുന്നത് ശരിയാണെന്ന്. ഞാൻ പുതിയ നിയമം വായിച്ചിട്ടുണ്ട്. ഞാൻ ശ്രദ്ധിച്ചിട്ടുണ്ട് ഈ കറുപ്പിന്റെ പിടിയിൽ നിന്നും രക്ഷപ്പെടുവാൻ. എന്നാൽ ആ ശ്രമം പിന്നത്തേതിൽ ഉപേക്ഷിച്ചു.

" വാംഗ്ഫൂളിൻ " ഞാൻ പറഞ്ഞു, അങ്ങനെ പറയരുത്. നമ്മുടെ രക്ഷകനിൽ നമുക്ക് പ്രതീക്ഷയുണ്ട്. ഭൂമിയുടെ അറ്റങ്ങളിൽ നിന്നും ആരൊക്കെ അവന്റെ അടുക്കൽ വരുന്നുവോ അവരെ ദൈവം കൈക്കൊണ്ട് രക്ഷിക്കും. നമുക്ക് ചുവാങ്ങിലേക്ക് പോകാം. അവിടെ ഡോ.മാൽക്കം നിനക്കുവേണ്ടി എന്തു ചെയ്യും എന്ന് നമുക്ക് കാണാം. "പക്ഷേ ഞാൻ ഇത്രയും ദൂരം എങ്ങനെ നടക്കും". അയാൾ ചോദിച്ചു ഇത് വളരെ ദൂരമുണ്ട്. എനിക്ക് അല്പം പോലും നടക്കുവാൻ കഴിയുകയില്ല.

"എന്നാൽ ഒരു വഴിയുണ്ട് " ഞാൻ പറഞ്ഞു. അവർ ഒരു വണ്ടി എനിക്ക് അയച്ചു തരും. അതിൽ നമുക്കു പോകാം. (എനിക്കു പനിയായിരുന്നപ്പോൾ - പിന്നീട് പരിശോധനയിൽ അത് ടൈഫോയിഡ് ആണെന്നറിഞ്ഞു. ഒരു വണ്ടി എനിക്കു അയച്ചു തന്നു).

വാംഗ്ഫൂളിൻ പിന്നെയും ഒഴികഴിവുകൾ പറഞ്ഞു. "ഡോക്ടർ എന്നെ സ്വീകരിക്കയില്ല. കരണം എന്റെ കയ്യിൽ പണമില്ല. അദ്ദേഹത്തിനു കൊടുക്കുവാനായി ".

ഞാൻ വീണ്ടും അദ്ദേഹത്തോടു പറഞ്ഞു, "പണത്തെക്കുറിച്ചു ചിന്തിക്കേണ്ട, അതു ഞാൻ ഡോക്ടർ മാൽക്കവുമായി ക്രമീകരിച്ചുകൊള്ളാം. നീ എന്നോടൊപ്പം വന്നാൽ മതി". അവൻ വന്നു. ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു.

ചഞ്ചലപ്പെടുന്നു

ഡോക്ടർ എന്നോടു പറഞ്ഞു "നിങ്ങൾ നിങ്ങളുടെ ഭാഗം ചെയ്യുക. മരുന്നുകൾ ഞാൻ കൊടുക്കാം. കഴിയുന്നത്രയും വേഗം തന്നെക്കുറിച്ച് തന്റെ മോശമായ അവസ്ഥയെക്കുറിച്ചും ഉള്ള ചിന്തകളിൽ നിന്നും തന്നെ സ്വതന്ത്രനാക്കുവാൻ ശ്രമിക്കാം".

ദിവസത്തിൽ പല പ്രാവശ്യം ഞങ്ങളുടെ വീട്ടിൽ കൊണ്ടുപോകുകയും ചായയും കേക്കുമൊക്കെ കൊടുക്കുകയും പല ചിത്രങ്ങൾ തന്നെ കാണിക്കുകയും പ്രാർത്ഥനയിൽ സമയം ചെലവഴിക്കുകയും ചെയ്യുമായിരുന്നു. അഞ്ചാമത്തെ ദിവസമായപ്പോൾ അദ്ദേഹം ഒരു ഭ്രാന്ത

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചു പോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(2-ാം പേജിന്റെ തുടർച്ച)

ഒരു തകർന്ന എന്നാൽ നിറഞ്ഞ പാത്രം

നെപ്പോലെ പെരുമാറുവാൻ തുടങ്ങി. ഞാൻ ഒരാളിനെ തനിക്ക് കാവൽ നിറുത്തി, മതിലു ചാടിപോകാതിരിക്കുവാൻ തെരുവിലിറങ്ങി കറുപ്പ് വാങ്ങാതിരിക്കുവാൻ അഞ്ചു ദിവസം കൊണ്ട് അദ്ദേഹം കൂടുതൽ അസ്വസ്ഥനായി. പതിനഞ്ചാം ദിവസം അദ്ദേഹം എല്ലാവിധ ആസക്തികളിൽ നിന്നും വിടുതൽ പ്രാപിച്ചു. ഞങ്ങളെ വിട്ടു പോയി. ഒരു കറുപ്പു ഉപയോഗിക്കുന്ന ആൾ ഒരു ചുരുങ്ങിയ കാലംകൊണ്ട് പഴയ ജീവിതത്തിലേക്ക് തിരിച്ചുവരിക, ദൈവത്തിൽ ആശ്രയമുള്ളവനായി തീരുക. അദ്ദേഹത്തിന്റെ കുടുംബം ദാരുണമായ അവസ്ഥയിലാണെന്നറിഞ്ഞു, അത്യാവശ്യ സഹായങ്ങൾ ചെയ്തു കൊടുത്തു. ദൈവവചനം അവരോട് പറഞ്ഞു; അദ്ദേഹം ഞങ്ങളെ വിട്ടു പോയി.

ഒരു വലിയ ആവശ്യം

1985 ഒക്ടോബറിൽ എന്റെ ഭാര്യയും കുഞ്ഞുങ്ങളും ചാംഗ്ഡേയിലേക്ക് പോയി. മുൻപ് ഒരിക്കലും കണ്ടിട്ടില്ലാത്ത ഒരു വിദേശ വനിതയും കുഞ്ഞുങ്ങളും അവിടെ ഉണ്ടായിരുന്നു. ബാലന്മാരും വൃദ്ധന്മാരും പുരുഷന്മാരും സ്ത്രീകളും ആയ ആളുകൾ ആകാംക്ഷയോടെ കൂടി വന്നു. ഞങ്ങൾ ഭക്ഷണം കഴിക്കുന്നതും ജന്നലുകൾ തുറന്ന് ഞങ്ങളെ കാണുന്നതും ഞങ്ങൾക്ക് അതു ഒരു സാധാരണ കാര്യമായിരുന്നു. രാവിലെ മുതൽ വൈകുന്നേരം വരെ ജനങ്ങളുടെ തിരക്കും ഉണ്ടായിരുന്നു. എങ്ങനെയാണ് ഇത്രയും ആളുകളെ കൂട്ടിച്ചേർക്കുകയും സുവിശേഷം അറിയിക്കുകയും ഒക്കെ ചെയ്യുന്നത്. ഒരു ചോദ്യമായിരുന്നു. പുരുഷന്മാർ കൂടി വന്ന് വചനം കേൾക്കുകയും പ്രസംഗിക്കുകയും ചെയ്തുകൊണ്ടിരുന്നു. അപ്പോൾ പുറകിൽ സ്ത്രീകളും കുട്ടികളും ഇരുന്നു. അവിടെ എന്റെ ഭാര്യയും കുട്ടികളും ഉണ്ടായിരുന്നു.

ആ സമയം എന്നെ സഹായിക്കുവാനായി മറ്റ് കർത്താവിന്റെ ദാസന്മാരും ഉണ്ടായിരുന്നില്ല. എന്റെ ഭാര്യയ്ക്ക് വലിയ ബൈബിളിൽ പരിചയവും ഉണ്ടായിരുന്നില്ല. അവിടെ ഒരു വേല തുടങ്ങുവാനുള്ള കാഴ്ചപ്പാടും എനിക്ക് ഉണ്ടായിരുന്നു. ദൈവവചനം അധിക സമയം പ്രസംഗിക്കുവാനോ അധിക സമയം നിൽക്കുവാനോ എനിക്കു കഴിയുമായിരുന്നില്ല. എന്നാൽ സ്ത്രീകളോടും കുഞ്ഞുങ്ങളോടും സംസാരിക്കുവാനായി ഞാൻ എന്റെ ഭാര്യയോടു പറഞ്ഞു. രണ്ടാൾ അങ്ങനെ കൂടി വന്നു. ഞാനൊടുവിൽ നിരാശനായി. ഒടുവിൽ ഞാൻ ജനത്തോടായി ആലോചന പറഞ്ഞു. എന്റെ ദൈവം എല്ലാ ആവശ്യങ്ങൾക്കും മതിയായവനാണ്. " തന്റെ ധനത്തിന്റെ മഹത്വത്തിനൊത്തവണ്ണം ക്രിസ്തുയേശുവിൽ ചെയ്തു തരും". ഞാൻ ചോദിച്ചു. " നിങ്ങൾ യഥാർത്ഥമായി ഇതു വിശ്വസിക്കുന്നുവോ? എങ്കിൽ മുട്ടുമടക്കി പ്രസംഗിക്കുവാൻ ഒരാളെ അയക്കേണ്ടതിന് ദൈവത്തോട് പ്രാർത്ഥിക്കാം. അതിന്റെ ശേഷം റോസിലിന്റെ പറഞ്ഞത്, ഇത് ആകാശം തെളിഞ്ഞു നിൽക്കുമ്പോൾ മഴയ്ക്കായി അപേക്ഷിക്കുന്നതുപോലെയുണ്ടല്ലോ, ചാംഗ്ഡേ ഡിസ്ട്രിക്ടിൽ എവിടെയും ഒരു വിശ്വാസിയെ കാണാം. എന്നാൽ ദൈവം ഉത്തരം നൽകി, തടസ്സം, കൂടാതെ തുടർന്നുള്ള ദിവസങ്ങളിൽ വാംഗ്ഫുളിൻ തന്റെ ഭവനത്തിൽ നിന്നും വരാൻ തുടങ്ങി.

ഒരു ഇഷ്ടപ്പെടാത്ത സുവിശേഷകൻ

വാംഗ്ഫുളിൻ ഞങ്ങളോടൊപ്പം വന്നുചേർന്നത് ദൈവം നൽകിയ സഹായിയായി. ആദ്യമായി അദ്ദേഹത്തെ കാണുമ്പോൾ ഒരു സമ്പൂർണ്ണ യാചകന്റെ വേഷമായിരുന്നു. കാൽ വിരലുകൾ ഷൂസിലൂടെ സോക്സിലൂടെയും പുറത്തു വന്നിരുന്നു, കീറിയ തൊപ്പിയായിരുന്നു. കീറി തുന്നിയ തുണികൾ ഇട്ടിരുന്നോരു പരുക്കനായ മനുഷ്യനായിരുന്നു. സത്യത്തിൽ; മനുഷ്യൻ കാണുന്നതുപോലെയല്ല ദൈവം കാണുന്നത്. എന്നാൽ അദ്ദേഹത്തെ കാണുമ്പോൾ ഇപ്പോൾ എന്റെ സന്തോഷം പറഞ്ഞറിയിക്കുവാൻ പറ്റാത്തതായിരുന്നു!

ഉടനെ താൻ പറഞ്ഞു. വാംഗ്ഫുളിൻ ദൈവം നിങ്ങളെ എന്റെ അടുക്കൽ അയച്ചിരിക്കുന്നത് ഈ സമയം എങ്ങനെ സഹായിപ്പാനാണ് എന്ന് ഞാൻ വിശ്വസിക്കുന്നു. നീ ഞങ്ങളോടുകൂടെ താമസിച്ചു ശുശ്രൂഷിക്കുമോ? തീർച്ചയായും ഞാൻ താമസിക്കും. അദ്ദേഹം മറുപടി നൽകി.

വാംഗ്ഫുളിന്റെ വരവ് അത്ഭുതകരമായിരുന്നു. കുലീനവേഷത്തിൽ സ്റ്റേജിലെത്തുമ്പോൾ, സെക്രട്ടറിമാരും സമൂഹത്തിലെ ഉന്നത നിലയിലുള്ളവരുമായ ആളുകൾ അവിടെ കൂടിയിരുന്നു. ആ ദിവസങ്ങളിൽ ചൈനീസ് വേഷം ധരിച്ചു; ഈ ദിവസങ്ങളിൽ അദ്ദേഹത്തിന് അത് കഴിയും. എനിക്കു വാങ്ങിത്തരുവാൻ ഞാൻ അദ്ദേഹത്തെ പ്രസംഗിക്കുവാനായി അയക്കുമ്പോൾ അദ്ദേഹം യോഗ്യനായി വിളങ്ങി.

കഥ പറയുന്ന ആളിന്റെ എല്ലാ കഴിവുകളും അദ്ദേഹത്തിൽ മടങ്ങി വന്നിരുന്നു. വസ്തുതകൾ ഒന്നിനുപുറകെ ഒന്നായി കഥപറയുന്ന ആളിന്റെ ചാതുര്യതയാൽ ശുശ്രൂഷിച്ചപ്പോൾ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ മുമ്പിൽ തടസ്സങ്ങൾ എല്ലാം തകർന്നു വീണു. ജനത്തിൽ മുമ്പിൽ വേദപുസ്തകം പ്രസംഗിച്ചപ്പോൾ അത് പുതിയ അനുഭവമായി. ഇത് മുടിയനായ പുത്രന്റെ ഓർമ്മയായി മാറി. അദ്ദേഹത്തിന് കഥ നല്ലതുപോലെ അറിയാം. അദ്ദേഹവും ഒരു മുടിയനായ പുത്രനായിരുന്നു, അപ്പനെ വിട്ട് അകന്നുപോയിരുന്നു, പാപികളിൽ പ്രധാനിയായിരുന്നു. തുടങ്ങിയ കാര്യങ്ങൾ ഒരു കഥ പറയുന്ന ആളിന്റെ ചാതുര്യതയോടെ അവതരിപ്പിച്ചപ്പോൾ ഒരു പ്രത്യാശയുമില്ലാതെ ജീവിച്ച അനേകർക്ക് ഒരു പ്രത്യാശയുടെ പുതിയ അനുഭവമായി മാറി.

ആരംഭകാലത്ത് ഞങ്ങളോടൊത്തുള്ള ശുശ്രൂഷയിൽ അനേകർ മാനസാന്തരപ്പെട്ടു. പട്ടണങ്ങളിലും ഗ്രാമങ്ങൾക്കുള്ളിലും രാജ്യവ്യാപകമായി. ആ ദിവസങ്ങളിൽ ഞങ്ങളുടെ ആരാധനാലയം പലപ്പോഴും നിറഞ്ഞു കവിഞ്ഞിരുന്നു. അദ്ദേഹം ഒരിക്കലും ക്ഷീണിതനായി കണ്ടില്ല. വീണ്ടെടുപ്പിന്റെയും കൃപയുടെയും കഥ പറഞ്ഞും തന്റെ കർത്താവും ദൈവവുമായവനെ ഉയർത്തിക്കൊണ്ട് ആയിരുന്നു.

മൂന്ന് വർഷക്കാലം എപ്പോഴും വർദ്ധിച്ചു വരുന്ന ആത്മശക്തിയാലും താൻ ശക്തനായിരുന്നെങ്കിലും തന്റെ ശരീരത്തിന്റെ ബലഹീനതകളും വർദ്ധിച്ചും കൊണ്ടിരുന്നു. വാംഗ്ഫുളിൻ തന്റെ സമയം വളരെ ചെറുതാണ് എന്ന് അറിഞ്ഞിരുന്നു. മനുഷ്യന്റെ ക്ഷീണമായ ജീവിതത്തെക്കുറിച്ച് സംസാരിച്ചുകൊണ്ടിരുന്നു. കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ അനേകരോട് ദൈവത്തിന്റെ അളവറ്റ കൃപകളെക്കുറിച്ച് സാക്ഷ്യം പറഞ്ഞു. തന്റെ ബന്ധുക്കളിലും അനേകരെ ക്രിസ്തുവിലേക്ക് നടത്തി. വാംഗ്ഫുളിൻ, വീണ്ടെടുപ്പിൻ കഥ പറയുന്നയാൾ, ക്രൂശിന്റെ സാക്ഷ്യവുമായി പോകുന്ന വേളയിൽ തന്റെ ശക്തി പരാജയപ്പെടുകയും താൻ വിജയകരമായി തന്റെ വീണ്ടെടുപ്പുകാരനും രാജാവുമായവന്റെ സന്നിധിയിലേക്ക് കടന്നു പോകുകയും ചെയ്തു. ❖

മുഴങ്കാലിൽ നില്ക്കുന്ന ക്രിസ്ത്യാനി

എല്ലാം പ്രാർത്ഥനയെ ആശ്രയിച്ചിരിക്കുന്നു.

എന്തുകൊണ്ടാണ് പല ക്രിസ്ത്യാനികളും പലപ്പോഴും പരാജയപ്പെട്ടു പോകുന്നത്? കാരണം അവർ വളരെ കുറച്ചു മാത്രമെ പ്രാർത്ഥിക്കയുള്ളൂ എന്നതാണ് കാരണം. എന്തുകൊണ്ടാണ് പല സഭാ പ്രവർത്തകരും പലപ്പോഴും പരാജയപ്പെട്ടു പോകുന്നത്? കാരണം അവർ വളരെ കുറച്ചുമാത്രമെ പ്രാർത്ഥിക്കുകയുള്ളൂ എന്നതാണ്.

എന്തുകൊണ്ടാണ് പല ആളുകളും തങ്ങളുടെ ശുശ്രൂഷയിൽ വളരെ കുറച്ച് ആളുകളെ മാത്രമെ ഇരുട്ടിൽ നിന്നും വെളിച്ചത്തിലേക്ക് കൊണ്ടുവരുന്നുള്ളൂ. കാരണം അവർ വളരെ കുറച്ചു മാത്രം പ്രാർത്ഥിക്കുന്നു.

എന്തുകൊണ്ടാണ് നമ്മുടെ പല സഭകളും ആത്മീകമായി ചൂട് പിടിക്കുന്നില്ല. കാരണം അവർ യഥാർത്ഥമായി പ്രാർത്ഥിക്കുന്നില്ല.

കർത്താവായ യേശുക്രിസ്തു കഴിഞ്ഞ ഏതൊരു കാലത്തേക്കാളുമുപരി ശക്തിയുള്ളവനായി കാണപ്പെടുന്നു. കർത്താവായ യേശു കാത്തിരിക്കുന്നു, കഴിഞ്ഞ ഏതൊരു കാലത്തേക്കാളുമുപരി മാനവ ജാതിയെ സംരക്ഷിക്കുവാൻ, രക്ഷിക്കുവാൻ കഴിയാതവണ്ണം തന്റെ കൈ കുറുകീട്ടില്ല; ദൈവത്തിന് പ്രവർത്തനത്തിനായി തന്റെ കരം നീട്ടുവാൻ സാധ്യമല്ല. നാം പ്രാർത്ഥിച്ചില്ലെങ്കിൽ നാം യഥാർത്ഥമായി പ്രാർത്ഥിക്കുന്നില്ലെങ്കിൽ.

നാം ഇതിനെക്കുറിച്ച് ബോധവാന്മാരായിരിക്കാം. ജീവിതത്തിലുള്ള എല്ലാ തോൽവികളുടെയും കാരണം പ്രാർത്ഥനയിലുള്ള കുറവാണ്.

സർവ്വശക്തിയുള്ളതാണ് പ്രാർത്ഥന

നമ്മുടെ പ്രാർത്ഥനയിൽ പല പ്പോഴും ശത്രു നമ്മെ പരാജയപ്പെടുത്തുന്ന ഒരു അനുഭവമല്ലോ ഇന്നുള്ളത്. നമ്മുടെ പ്രാർത്ഥനയിൽ നമ്മ വിലക്കുക എന്നത് സാത്താന്റെ വലിയ ഒരു തന്ത്രമാണ്. പ്രാർത്ഥിക്കാതരിക്കുവാൻ നമ്മുടെ ശ്രദ്ധയെ തെറ്റിക്കുവാൻ അവൻ ശ്രമിക്കും. ആസക്തിയും സമ്പാദ്യ ശീലവുമുള്ള ബൈബിൾ പഠിതാക്കളെ അവന് ഭയമില്ല. അങ്ങനെയുള്ളവർ പ്രാർത്ഥനയിലും കുറവുള്ളവരാണ്. ചിലർ രസകരമായി ഇങ്ങനെ പറഞ്ഞു നമ്മുടെ പരിശ്രമങ്ങളെ കണ്ട് സാത്താൻ ചിരിക്കുന്നു. നമ്മുടെ ജ്ഞാനത്തെ അവൻ കളിയാക്കുന്നു, എന്നാൽ നമ്മുടെ പ്രാർത്ഥനയെ അവൻ ഭയപ്പെടുന്നു. ഇവയെല്ലാം സർവ്വസാധാരണമാണ്, എന്നാൽ നാം യഥാർത്ഥമായി പ്രാർത്ഥിക്കുന്നുവോ? അല്ലെങ്കിൽ തോൽവി ഒരു നായയെപ്പോലെ നമ്മുടെ പാദങ്ങളിലുണ്ട്. അത് നമ്മെ പരാജയപ്പെടുത്തും.

ദൈവത്തിനുവേണ്ടി, മനുഷ്യനുവേണ്ടി ചെയ്യുവാൻ കഴിയുന്ന ഏറ്റവും ശ്രേഷ്ഠമായ കാര്യം പ്രാർത്ഥന എന്നതാണ്. പ്രാർത്ഥന സർവ്വശക്തിയുള്ളതാണ്. നമുക്കു ചെയ്യുവാൻ കഴിയുന്ന ഏറ്റവും വലിയ ജോലി പ്രാർത്ഥനയാണ്. പ്രാർത്ഥന സർവ്വശക്തിയുള്ളതാണ്. ദൈവത്തിനു പ്രവർത്തിക്കാൻ കഴിയണമെങ്കിൽ നാം പ്രാർത്ഥിക്കേണ്ടതാണ്. നാം പ്രാർത്ഥിക്കുമ്പോൾ ദൈവം പ്രവർത്തിക്കുന്നു. ശുശ്രൂഷയിലെ എല്ലാ തലങ്ങളും പ്രാർത്ഥനയിലൂടെ പുറത്തുവരുന്നതാണ്. ശുശ്രൂഷകന്മാരുടെ പ്രാർത്ഥനകൾ, കർത്താവിന്റെ നാമത്തിൽ കൈ ഉയർത്തുന്നത്. എങ്ങനെ പ്രാർത്ഥിക്കേണം എന്ന് നാം അറിയുന്നു, എന്നാൽ ഒരു പക്ഷേ കർത്താവിന്റെ ശിഷ്യന്മാർ പ്രാർത്ഥിച്ചതുപോല, കർത്താവേ, ഞങ്ങളെ പ്രാർത്ഥിപ്പാൻ പഠിപ്പിക്കേണമേ.

എല്ലാ തലമുറകളിലുമുള്ള വിശുദ്ധന്മാരുടെ രാപ്പകൽ ദൈവത്തോടുള്ള പ്രാർത്ഥനയാണ്. ജനത്തിനു മുമ്പിൽ അവരെ ശക്തരായി നിർത്തുന്നത്.

പ്രാർത്ഥനയില്ലാതെ ശക്തിയില്ല

നാം ഇതിൽ പൂർണ്ണമായി ഉറപ്പുള്ളവരായിരിക്കുന്നു. മനുഷ്യരുടെ ഇടയിലുള്ള നമ്മുടെ സ്വാധീനത്തെ അളക്കുന്നത്, നമ്മുടെ കഴിവു നോക്കിയല്ല, ശക്തിയെ നോക്കിയല്ല, യാഥാസ്ഥിതികത്തെ നോക്കിയല്ല, പിന്നെയോ രാപകൽ ദൈവത്തോടുള്ള പ്രാർത്ഥനയെ നോക്കിയാണ്.

തങ്ങൾ പകലന്തിയോളം കർത്താവിന്റെ വേല ചെയ്യും, കൂടുതൽ സമയം ബൈബിൾ വചന വായനക്കായി ഞങ്ങൾ സമയം ചെലവിടും, ഞങ്ങൾ നല്ലവരും വിശ്വസ്ഥരുമായി, ആളുകൾക്ക് പ്രയോജനമുള്ളവരുമായി, എന്നാൽ ഈ കാര്യങ്ങളൊന്നും പ്രാർത്ഥനയില്ലാതെ വേണ്ടുന്ന പ്രയോജനം ലഭിക്കയില്ല. ഞങ്ങൾ നല്ലപ്രവൃത്തികളെ ചെയ്യും; അല്ല, എല്ലാ നല്ല പ്രവൃത്തിയിലും സൽഫലം കായ്ച്ച് ദൈവത്തെക്കുറിച്ചുള്ള പരിജ്ഞാനത്തിലും വളരേണം. (കൊലൊ. 1:10). ദൈവത്തോട് കുറച്ച് പ്രാർത്ഥിക്കുന്നവൻ ദൈവത്തിന്റെ വേലയിൽ പ്രയോജനപ്പെടുവാൻ കഴിയുകയില്ല. അധികം രഹസ്യ പ്രാർത്ഥനയുള്ളവൻ എന്നാൽ അർത്ഥം പൊതുവിൽ ശക്തിയുള്ളതാണ്. നന്നായി പ്രയോജനപ്പെടുന്ന എന്നാൽ അർത്ഥം നന്നായി പ്രാർത്ഥനയിൽ പോരാടുന്നവൻ എന്നല്ലയോ?

എന്തുകൊണ്ട് ഉണർവ്വ് താമസിക്കുന്നു എന്നു ആളുകൾ അത്ഭുതപ്പെടുന്നു. ഒരേ ഒരു കാര്യമാണ് തടസ്സത്തിന് കാരണം, അതു പ്രാർത്ഥനയുടെ കുറവാണ്. എല്ലാ ഉണർവ്വുകളും പ്രാർത്ഥനയാൽ സംഭവിക്കുന്നു.

ദൈവം എന്നോട് പ്രാർത്ഥിക്കാൻ പറഞ്ഞു, പ്രാർത്ഥനയിൽ ഉറ്റിരിക്കാം, കാരണം എല്ലാ ആത്മിക വേലയുടെയും വിജയം പ്രാർത്ഥനയെ ആശ്രയിച്ചിരിക്കുന്നു.

എല്ലാ സത്യ പ്രാർത്ഥനകളും ദൈവത്തെ അന്വേഷിക്കുന്നു.

എന്താണ് പ്രാർത്ഥന കൊണ്ട് അർത്ഥമാക്കുന്നത്? അധികം ക്രിസ്ത്യാനികളും പറയും, " ദൈവത്തോട് കാര്യങ്ങൾ ചോദിക്കുന്നതാണ് പ്രാർത്ഥന". പ്രാർത്ഥന അതിൽ നിന്നും വ്യത്യസ്തമാണ്. ദൗത്യത്തിനുവേണ്ടിയുള്ള യാത്രയിൽ കർത്താവിനെ കൂടെ കൂട്ടിക്കൊണ്ടുപോകുന്ന അനുഭവമാണ് പ്രാർത്ഥന. ഒരു ധനവാന്റെ വാതിൽക്കൽ ഒരു യാചകൻ മുട്ടിവിളിക്കുന്നതിനേക്കാൾ ഉന്നതമായ നിലവാരമാണത്.

എല്ലാ സത്യ പ്രാർത്ഥനകളും ദൈവത്തെ അന്വേഷിക്കുന്നു. ദൈവത്തോട് കൂടെ നമ്മുടെ ആവശ്യങ്ങളെല്ലാം നൽകപ്പെടുന്നു. പ്രാർത്ഥന എന്നത്, നമ്മുടെ മനസ് ദൈവത്തിങ്കലേക്ക് തിരിയുന്ന അനുഭവമാണ്. ദാവീദ് പറയുന്നതനുസരിച്ച് നമ്മുടെ മനസ്സ് ജീവിക്കുന്ന ദൈവത്തിങ്കലേക്ക് ഉയർത്തുന്നതാണ് പ്രാർത്ഥന. "യഹോവേ നിങ്കലേയ്ക്ക് ഞാൻ മനസ്സ് ഉയർത്തുന്നു. (സങ്കീ 25:1). എത്ര മനോഹരമായ വിവരണമാണ് പ്രാർത്ഥനയെ

(ശേഷം 6-ാംപേജിൽ)

(5-ാം പേജിന്റെ തുടർച്ച)

സഭയും ലോകവും

ക്കുറിച്ച് നൽകിയിരിക്കുന്നത്! നമ്മുടെ മനസ്സിൽ കർത്താവായ യേശുവിനെ നാം ഏറ്റുകൊള്ളുമ്പോൾ, ദൈവത്തിന്റെ വിശുദ്ധിയുടെ മനോഹാരിതയെ നാം ജീവിതത്തിൽഏറ്റുകൊളളുകയാണ്. നാം പ്രാർത്ഥനയിൽ നമ്മുടെ മനസിനെ ദൈവത്തിലേയ്ക്ക് ഉയർത്തുമ്പോൾ, ദൈവത്തിന് നമ്മിൽ, നമ്മിലൂടെ പ്രവർത്തിപ്പാനുള്ള അവസരം നൽകുകയാണ്. ഇത് ദൈവത്തിന്റെ പ്രവർത്തിക്കുവേണ്ടി നമ്മെ ഒരുക്കുകയാണ്. ദൈവം എപ്പോഴും നമ്മുടെ വശത്താണ്. എന്നാൽ മനുഷ്യൻ പല പ്പോഴും അങ്ങനെയല്ല. നാം ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ, നാം ദൈവത്തിന് പ്രവർത്തിപ്പാനുള്ള അവസരം ഒരുക്കുകയാണ് ചെയ്യുന്നത്.

“ പ്രാർത്ഥന, ഇത് ഒരു യെഹൂദ മർമ്മം പ്രസ്താവിക്കുകയാണ്. സ്വർഗ്ഗവും ഭൂമിയും പരസ്പരം ആലിംഗനം ചെയ്യുന്ന ” അവസരമാണിത്.

അപ്പോൾ പ്രാർത്ഥന, നമ്മുടെ ആവശ്യങ്ങൾ നിറവേറ്റിത്തരാനായി ദൈവത്തെ നിർബ്ബന്ധിക്കുന്നു അനുഭവമല്ല. ദൈവം ഇച്ഛിക്കുന്നതിനെ നമ്മിൽ ചെയ്യുവാൻ നമ്മെ അനുവദിക്കുന്നതാണ് പ്രാർത്ഥന. ദൈവത്തിന്റെ ഇഷ്ടത്തെ നമ്മുടെ ഇഷ്ടത്തിന് തക്കവണ്ണം തന്റെ സ്വഭാവം ത്യജിക്കുന്നില്ല, എന്നാൽ കരുണ കാണിക്കുന്നു.

ദൈവത്തെ ശ്രദ്ധിക്കുക

നാം പ്രാർത്ഥനയിൽ ദൈവത്തോട് അടുത്ത് ചെല്ലുന്നത് സാത്താന് ഇഷ്ടമില്ല, അതിനെ തടയുന്നു എന്ന കാര്യത്തിൽ സംശയമില്ല, വിശ്വാസത്തോടുകൂടിയ പ്രാർത്ഥനയെ അവൻ തടയും. തടസ്സങ്ങളിട്ടു പോരാടുന്ന സാത്താന്റെ തന്ത്രം എന്നത്, നാം പ്രാർത്ഥിക്കുന്ന നമ്മുടെ പിതാവായ ദൈവത്തിന്റെ ചിന്തയിൽ പോലും ഇല്ലാത്ത വിഷയങ്ങളെക്കുറിച്ച് ചിന്തിച്ച് അസ്വസ്ഥരാക്കുന്നതാണ്. ദൈവം ആവശ്യപ്പെടുന്നത്, നാം ആവശ്യപ്പെടുന്ന വസ്തുക്കളെക്കാളും അതു നൽകുന്ന ദൈവത്തെക്കുറിച്ച് ചിന്തിക്കുവാനാണ്. പരിശുദ്ധാത്മാവ് നമ്മെ ഒരു സഹോദരന് വേണ്ടി പ്രാർത്ഥിപ്പാൻ നമ്മെ നടത്തുന്നു. ഇതുവരെയും നമ്മുടെ പ്രാർത്ഥന, “ സഹോദരനെ അനുഗ്രഹിക്കേണമേ എന്നതായിരുന്നു ”. നമ്മുടെ ചിന്തകളെ സഹോദരനിലേക്ക് തിരിച്ചുവിടുന്നു, അവന്റെ ചിന്തകൾ, അവന്റെ പ്രയാസങ്ങൾ, അവന്റെ പ്രത്യാശയും അവന്റെ ഭയങ്ങളും, പ്രാർത്ഥനയിൽ നിന്നും വ്യതിചലിച്ചു പോകയാണോ!

നാം നമ്മുടെ മനസ് ദൈവത്തിൽ കേന്ദ്രീകരിച്ച് ചിന്തിക്കുന്നത് സാത്താന് തീരെ ഇഷ്ടമില്ലാത്ത കാര്യമാണ്. അതുകൊണ്ടാണ് നാം ജനത്തോടാവശ്യപ്പോടുന്നത്, ദൈവസാന്നിദ്ധ്യത്തിന്റെ യാഥാർത്ഥ്യം, ദൈവശക്തി, ദൈവത്തിന്റെ സാന്നിദ്ധ്യം എന്നിവ തിരിച്ചറിഞ്ഞ് നമ്മുടെ ആവശ്യങ്ങളും പരാതികളും പറയേണ്ടതാണ്.

ഹൃദയം നുറുങ്ങിയുള്ള പ്രാർത്ഥന

ഞാൻ നിങ്ങളോട് ചോദിക്കുന്നു ഏതെങ്കിലും ഒരു വിശ്വാസിക്ക് ആത്മാക്കളെക്കുറിച്ചുള്ള ആത്മ ഭാരം ഉണ്ടോ - ഒരു ആത്മഭാരം - എങ്കിൽ ഹൃദയ നുറക്കത്തോടെ അവർക്കുവേണ്ടി പ്രാർത്ഥിക്കുമായിരുന്നു.

ജോൺ നോക്സ് പറയുന്നു, “ സ്കോട്ട്ലണ്ടിനെ എനിക്ക് നൽകേണമേ അല്ലെങ്കിൽ ഞാൻ മരിക്കട്ടെ ”. മോശെ ദൈവത്തോട് പറയുന്നു. “എങ്കിലും നീ അവരുടെ പാപം ക്ഷമിക്കേണമേ; അല്ലെങ്കിൽ നീ എഴുതിയ നിന്റെ പുസ്തകത്തിൽ നിന്നും എന്റെ പേർ മായിച്ചുകളയേണമേ ” (പുറ. 32:32) ക്രിസ്തുവും തന്റെ ഐഹിക ജീവിത കാലത്ത് തന്നെ മരണത്തിൽ നിന്നും രക്ഷിപ്പാൻ കഴിയുന്നവനോട് ഉറച്ച നിലവിളിയോടും, കണ്ണീരോടും കൂടെ അപേക്ഷിക്കയും .... ”(എബ്രാ. 5:7). അവൻ ഇന്ന് കരയുന്നില്ല, നമ്മുടെ ഓരോരുത്തരുടെയും കണ്ണീരൊപ്പുന്നു. അതുമാത്രമല്ല, നമ്മെ കാണുമ്പോൾ തന്റെ ഹൃദയം സന്തോഷിക്കുന്നു, നാം പാപം ചെയ്യുമ്പോൾ തന്റെ ഹൃദയം അതിവേദനയാൽ ഭാരപ്പെടുന്നു. ഈ നാളുകളിൽ ആളുകൾ മാനസാന്തരപ്പെടുന്നതിന്റെ കുറവും ശുശ്രൂഷയിലുണ്ടാകുന്ന ഇടിവുകളും ഹൃദയം നുറുങ്ങിയുള്ള പ്രാർത്ഥനയുടെ കുറവും അല്ലേ?

യേശുവിന്റെ നാമത്തിൽ

യേശുവിന്റെ നാമത്തിൽ പ്രാർത്ഥിക്കുക എന്നുവച്ചാൽ തന്റെ സ്വഭാവത്തിൽ പ്രാർത്ഥിക്കുക, എന്നതാണ്. നമ്മുടെ പ്രാർത്ഥനയ്ക്ക് പ്രാതിനിധ്യം വഹിക്കുന്നു: തന്റെ ആത്മാവിനാൽ തന്റെ ഹിതപ്രകാരം പ്രാർത്ഥിക്കുന്നു, നമ്മുടെ പ്രാർത്ഥനയിക്ക് തന്റെ അംഗീകാരമുണ്ട്, താൻ അന്വേഷിക്കുന്നതിനെ നാം അന്വേഷിക്കുന്നു, നമുക്ക് ചെയ്തുതരുവാൻ ആഗ്രഹിച്ചതിനെ നാം പ്രാർത്ഥിക്കുന്നു, ചെയ്യുവാൻ ആഗ്രഹിച്ചതു നമ്മുടെ സ്വന്തമഹിമയ്ക്കുവേണ്ടിയുള്ളതല്ല. തന്റെ നാമത്തിൽ പ്രാർത്ഥിക്കുക എന്നു പറഞ്ഞാൽ തന്റെ ഹിതപ്രകാരവും ഉദ്ദേശപ്രകാരവും നാം പ്രാർത്ഥിക്കുന്നു എന്നാണ്. സ്വയവും അതിന്റെ ലക്ഷ്യങ്ങളും ആഗ്രഹങ്ങളും എല്ലാം ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ നിയന്ത്രിതമായിരിക്കണം. അതായത് അപൂർണ്ണമായി നമ്മുടെ ഇഷ്ടങ്ങൾ ദൈവത്തിന്റെ ഇഷ്ടവുമായി ഏകീഭവിക്കുകയാണ്. ❖

“ യഹോവ നിന്റെ പരിപാലകൻ; യഹോവ നിന്റെ വലത്തു ഭാഗത്തു നിനക്കു തണൽ ” (സങ്കീ. 121:5). യഹോവ ഒരു ദോഷവും തട്ടാതവണ്ണം നിന്നെ പരിപാലിക്കും (സങ്കീ. 121:7).

“ അതുനിമിത്തം തന്നെ ഞാൻ ഇതൊക്കെയും സഹിക്കുന്നു; എങ്കിലും ലജ്ജിക്കുന്നില്ല; ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്നറിയുന്നു; അവൻ എന്റെ ഉപനിധി, ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്ന് ഉറെച്ചുമിരിക്കുന്നു ” (2തിമൊ. 1:12).

യേശു സംരക്ഷകൻ

By Andrew Murray

കർത്താവ് നമ്മെ കൈക്കൊള്ളുക മാത്രമല്ല, അവൻ നമ്മെ പരിപാലിക്കയും ചെയ്യുന്നു. ചെറുപ്പക്കാരായ ശിഷ്യന്മാരാണ് കർത്താവിനുള്ളത് എങ്കിലും അവർ ഇപ്പോഴും ക്ഷീണമുള്ളവരാണ്. അവർക്ക് പഠിക്കുവാൻ പാഠം ഇതിനേക്കാൾ മറ്റൊന്നില്ല. സ്നേഹമുള്ള പേര്, “ യഹോവ നിന്റെ പരിപാലകൻ ”. പൗലൊസിനോടുകൂടെയിരുന്നതുപോലെ ഹൃദയത്തിൽ നമ്മെ വഹിച്ച് പരിപാലിപ്പാൻ കഴിവുള്ള സർവ്വശക്തനായ ദൈവം, പൗലൊസ് അതിനെക്കുറിച്ചു പറയുന്ന മഹത്വകരമായ വചനങ്ങൾ, “ ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് ഞാൻ അറിയുന്നു; അവൻ എന്റെ ഉപനിധി, ആ ദിവസം വരെ സൂക്ഷിപ്പാൻ ശക്തൻ എന്ന് ഉറെച്ചുമിരിക്കുന്നു ”. വന്ന് കർത്താവിൽ നിന്നു പഠിക്കുക.

പൗലൊസിൽ നിന്നും പഠിച്ച പാഠം കർത്താവിൽ നമ്മുടെ പ്രതിജ്ഞയായിരിക്കട്ടെ. പൗലൊസ് തന്റെ ദേഹവും ദേഹിയും കർത്താവിനായി സമർപ്പിച്ചു; അത് തന്റെ പ്രതിജ്ഞയായിരുന്നു,

കർത്താവിൻ അതു തന്റെ നിക്ഷേപം ആയിരുന്നു. നിങ്ങളും എല്ലായ്പ്പോഴും കർത്താവിന് സമർപ്പിക്കപ്പെട്ടവരായിരിക്കട്ടെ; ഓരോ ദിവസവും നമ്മെ സൂക്ഷിക്കുവാൻ ദൈവവുമായി ഒരു നല്ല മനസാക്ഷിയായുള്ളവരായിരിക്കാം. നമ്മെ സൂക്ഷിക്കുവാൻ യേശുവുമായി ഒരു നല്ല ഉടമ്പടിയുള്ളവരായി നമ്മുടെ ദേഹിയെ അവിടുത്തെ കരങ്ങളിൽ സമർപ്പിക്കാം. ഈ കാര്യം നമ്മുടെ ജീവിതത്തിന്റെ ഓരോ ഭാഗങ്ങളിലും നമുക്കു നിവർത്തിക്കാം. നിങ്ങൾക്ക് മുറുകെ പിടിക്കുവാൻ കഴിയാത്ത കാര്യങ്ങളുണ്ടോ? നിങ്ങളുടെ ഹൃദയം അത് ലോകമയത്വത്തിനാൽ ആണോ? നിങ്ങളുടെ നാവ് നിങ്ങൾക്ക് വഴങ്ങാത്തതാണോ? നിങ്ങളിടെ മനസ് ചൂടുപിടിച്ചതാണോ? ഏറ്റുപറയുവാൻ നിങ്ങളുടെ മേലുള്ള വിളി അതിൽ നിങ്ങൾ ക്ഷീണിതനാണോ? അങ്ങനെയെങ്കിൽ പഠിക്കുക, നിങ്ങളുടെ തീരുമാനം ഒരു നിക്ഷേപമായി കർത്താവിൽ സമർപ്പിക്കുക, അതിനെക്കുറിച്ചുള്ള വാഗ്ദത്തം നിങ്ങൾക്കു ദൈവം നിവർത്തുച്ചു തരും. നിങ്ങൾ പലപ്പോഴും പാപത്തിനെതിരെ പ്രാർത്ഥിക്കയും യാചിക്കയും ചെയ്യുന്നു. അതുകൊണ്ട് തരണം ചെയ്യുവാൻ ആവശ്യമായ ദൈവകൃപയ്ക്കായി ദൈവത്തോട് അപേക്ഷിക്കാം. മുഴുവനായി യേശുവിൽ നമുക്കു ആശ്രയിക്കാം. "യുദ്ധം യഹോവയ്ക്കുള്ളത്" . ദൈവകരങ്ങളിൽ സമർപ്പിക്കാം. "ഇത് ലോകത്തെ ജയിക്കുന്ന വിശ്വാസം". എന്നാൽ നിങ്ങളുടെ കരങ്ങളിൽ നിന്നുള്ളതിനെ മുഴുവനായി വിട്ട് ദൈവകരങ്ങളിലേക്ക് കൊടുക്കുക.

ദൈവശക്തിയുള്ള ഉറപ്പിനെക്കുറിച്ച് പൗലൊസിനോട് പഠിക്ക. എന്റെ തീരുമാനം അവസാനത്തോളം പാലിപ്പാൻ എന്റെ ദൈവം ശക്തൻ എന്ന് ഞാൻ ഉറെച്ചിരിക്കുന്നു. നിങ്ങൾക്ക് സർവ്വശക്തനായ യേശു പരിപാലകനായി ജീവിക്കുന്നു. തന്റെ സർവ്വശക്തിയാൽ നമ്മുടെ വിശ്വാസത്തെ സൂക്ഷിക്കുന്നു. നിങ്ങളുടെ ദൈവം നിങ്ങൾക്ക് ചെയ്തുതരുവാൻ ശക്തൻ എന്ന് വിശ്വസിക്കുക, ശ്രേഷ്ടമേറിയതും മഹത്വകരവുമായ കാര്യങ്ങൽ നിങ്ങൾക്ക് ചെയ്തുതരുവൻ ശക്തൻ എന്നു പ്രതീക്ഷിക്കുക, പ്രത്യേകിച്ച് നിങ്ങളുടെ കഴിവുകളേക്കാളുപരി. കഴിഞ്ഞ കാലങ്ങളിൽ ദൈവം തന്റെ ജനത്തിനുവേണ്ടി ചെയ്തിട്ടുള്ള അടിസ്ഥാനപരമായ കാര്യങ്ങളെ വിശുദ്ധ തിരുവെഴുത്തുകളിൽ നിന്നും പഠിക്കുക. ഈ വചനങ്ങളെ എടുത്തു നിങ്ങളുടെ ഹൃദയങ്ങളിൽ നിക്ഷേപിക്കുക. യേശുവിന്റെ ശക്തി നിങ്ങളെ നിറയ്ക്കട്ടെ. ചോദിക്ക, ഒരു കാര്യം മാത്രം, "എന്താണ് എന്റെ കർത്താവിന് എനിക്കു വേണ്ടി ചെയ്യാൻ കഴിയുക" അവിടുത്തേയ്ക്ക് സകലവും കഴിയും.

വീണ്ടും പൗലൊസിനോട് പഠിക്കേണ്ടത്, എവിടെ നിന്നാണ് തനിക്ക് ഈ പ്രതിജ്ഞ കാക്കുവാനുള്ള ശക്തി ലഭിച്ചത് എന്നും ആണ്. കർത്താവിനെക്കുറിച്ചുള്ള അറിവിൽ നിന്നുമാണ് താൻ ഇത് കണ്ടുപിടിച്ചത്. "ആരെ വിശ്വസിക്കുന്നു എന്ന് ഞാൻ അറിയുന്നു ". അതുകൊണ്ട് എനിക്ക് ആ ഉറപ്പുണ്ട്. നിങ്ങൾക്കും കർത്താവായ യേശുവിൽ ആശ്രയിക്കുവാൻ കഴിയും. അവിടുന്ന് നിങ്ങൾക്കുവേണ്ടിയുള്ളവനാണ്. നിങ്ങളുടെ സ്നേഹിതയായി അവിടുത്തെ ഏറ്റുകൊള്ളുവാൻ കഴിയും. അപ്പോൾ നിങ്ങൾക്ക് പറയുവാൻ കഴിയും. "ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് ഞാൻ അറിയുന്നു. എന്റെ തീരുമാനം അവസാനം വരെയും പാലിപ്പാൻ അവിടുന്ന് ശക്തൻ എന്ന് ഞാൻ ഉറെച്ചിരിക്കുന്നു. ഇതാണ് വിശ്വാസത്തിന്റെ ഉറപ്പിന്റെ ശരിയായ വഴി. നിങ്ങളുടെ തീരുമാനത്തെ യേശുവിന്റെ കരങ്ങളിൽ സമർപ്പിക്ക, നിങ്ങളുടെ ജീവിതത്തെ പൂർണ്ണമായി അവിടുത്തെ കരങ്ങളിൽ ഏല്പിക്ക. അവിടുത്തെ അളവറ്റ ശക്തിയെക്കുറിച്ച് ചിന്തിക്കുക, അവിടുത്തെ കരങ്ങളിൽ ആശ്രയിക്ക. അവിടുത്തോടൊത്തു ജീവിക്കുക, ഞാൻ ആരെ വിശ്വസിച്ചിരിക്കുന്നു എന്ന് ധൈര്യത്തോടെ പറയുക.

കർത്താവിന്റെ ശിഷ്യന്മാരെ, കർത്താവിന്റെ വചനം ഏറ്റുകൊള്ളുക, "കർത്താവ് നിങ്ങളുടെ പരിപാലകൻ". നിങ്ങളുടെ എല്ലാ വിധ ക്ഷീണങ്ങളിലും, എല്ലാ പരീക്ഷകളിലും നിങ്ങളുടെ ആത്മാവിനെ ദൈവകരങ്ങളിൽ നിക്ഷേപിക്കുവാൻ പഠിക്കാം, നമ്മുടെ പ്രതിജ്ഞയോടെ അന്ത്യത്തോളം ജീവിക്കാം. നിങ്ങൾക്ക് ഇതിൽ ആശ്രയിക്കാം, സന്തോഷത്തോടെ ഇതിൽ ആനന്ദിക്കാം. "നിങ്ങളുടെ ദൈവം നിങ്ങളെ സകല ദുഷ്ടതകളിൽ നിന്നും വിടുവിച്ചു കാക്കുമാറാകട്ടെ".

പ്രിയ കർത്താവേ, എന്റെ പരിപാലകനായി അങ്ങയെ ഞാൻ ഏറ്റുകൊള്ളുന്നു. നിന്റെ പേര്, "യഹോവ നിന്റെ പരിപാലകൻ". ഒരു ഗീതംപോലെ എന്റെ ഹൃദയത്തിൽ എപ്പോഴും മുഴങ്ങികൊണ്ടിരിക്കട്ടെ. ഒരു പ്രതിജ്ഞയായി എന്നെ സമർപ്പിക്കുവാൻ എന്നെ സഹായിക്കേണേ. അവിടുന്ന് എന്നെ സഹായിപ്പാൻ ശക്തൻ എന്ന് ഞാൻ ഉറെച്ചിരിക്കുന്നു ആമേൻ. ❖

നിസ്സാര കാര്യത്തിനുവേണ്ടി അത്യന്തം ഗൗരവതരമായ ഒരു മണിക്കൂർ

By Lois J Stucky

നമ്മുടെ ഈ കൊച്ചു ജീവിതത്തിൽ വിശുദ്ധനും സർവ്വശക്തനുമായ ദൈവത്തിന് ബഹുമാനവും മഹത്വവും അർപ്പിക്കുന്നുതുപോലെ സന്തോഷവും ശ്രേഷ്ഠകരവുമായ അവസരം വേറെയില്ല! എത്ര നിയമപരമായി നമ്മെ വീണ്ടെടുത്തു. തന്റെ പ്രിയ മണവാട്ടിയായി നമ്മെ തെരെഞ്ഞടുക്കുകയും ദൈവത്തിൽ വിശുദ്ധിക്കും ധ്യാനത്തിനും നമ്മെ ഒരുക്കി ഉന്നതമായ പദവിയെ നമുക്ക് നൽകുകയും ചെയ്തിരിക്കുന്നു. ശക്തമായി ലോകത്തിന്റെ വശീകരണ ശക്തിയിൽ നിന്നും ജഡത്തിന്റെയും പിശാചിന്റെയും പിടിയിൽ നിന്നും വെളിപ്പാട് പുസ്തകം 2 ഉം 3 ഉം അദ്ധ്യായങ്ങളിൽ കാണുന്നതുപോലെ വഴി തെറ്റിക്കുന്ന ലോകസ്നേഹത്തിൽ നിന്നും തെറ്റായ ഉപദേശങ്ങളിൽ നിന്നും, പാപവുമായിയാതൊരു ഒത്തുതീർപ്പിനും ഇടയില്ലാതെ, ശീതോഷ്ണാവസ്ഥയിൽ നിന്നും വേർപെട്ട് ക്രിസ്തുവിന്റെ ശാസനയിൽ വളരുന്ന ദൈവമക്കളായി ആദ്യ സ്നേഹത്തിലേക്ക് മടങ്ങിവരുവാൻ ദൈവം സഹായിക്കുന്നു.

നാം വഴി തെറ്റിയ ആത്മീയ ജീവിതവുമായി സ്വാർത്ഥ ജീവിതത്തിന്റെ അടിമകളായി ദൈവത്തോടുള്ള ബന്ധം നഷ്ടപ്പെട്ടവരായി കാണപ്പെടുന്നു. യഥാർത്ഥ വിശ്വാസികളായി അല്പസമയം നമുക്ക് ക്രിസ്തു എന്തു ചെയ്തിരിക്കുന്നു എന്നു ചിന്തിച്ചു കൂടായോ?

നിത്യതയിൽ നമ്മുടെ പദവി എന്ത് എന്നതായിരിക്കട്ടെ. നമ്മുടെ പ്രധാന ചിന്ത! നിസാരകാര്യങ്ങൾക്ക് വേണ്ടി നമ്മുടെ സമയങ്ങളെ പാഴാക്കാതെ നമ്മുടെ ആത്മാക്കളുടെ രക്ഷയും നിത്യതിയൽ നമ്മുടെ പദവിയും ഉറപ്പാക്കികൊണ്ട്, ആദ്യവിശ്വാസം അവസാനത്തോളം മുറുകെ പിടിച്ചുകൊണ്ടാൽ നാം ക്രിസ്തുവിൽ പങ്കാളികളായി തീർന്നിരിക്കുന്നു. (എബ്രാ. 3:14)

കൂടാതെ ദൈവവചനത്തെ നിസാരമായി കാണുവാൻ നമുക്കു കഴിയുകയില്ല. സങ്കീ. 119:105 പറയുന്നു. "നി

(ശേഷം 8-ാം പേജിൽ)

(2-ാം പേജിന്റെ തുടർച്ച)

ഉണർവ്വിനുവേണ്ടിയുള്ള പ്രാർത്ഥന

രത്തെ ഓർത്ത് പ്രാർത്ഥിക്കുക. അരഡസൻ പേർ തങ്ങളെത്തന്നെ താഴ്ത്തി ഒരു ഉണർവ്വിനുവേണ്ടി പ്രാർത്ഥിക്കുവാൻ ഒരുങ്ങും എങ്കിൽ, തുടർച്ചയായി നാം പ്രാർത്ഥിപ്പാൻ ഒരുങ്ങും എങ്കിൽ, നമ്മുടെ പ്രത്യാശയ്ക്ക് വഴി തുറക്കും.

നമുക്ക് ഒരുമിച്ച് കൂട്ടായി, കർത്താവിനായി കാത്തിരിക്കാം, എന്താണ് അവിടുത്തേയ്ക്ക് പറയാനുള്ളത് എന്ന് കേൾക്കാം. ഇത്രത്തോളം നടത്തിയ കർത്താവ്, എന്നാൽ എങ്ങനെ പ്രാർത്ഥിക്കണം എന്ന് നാം അറിയുന്നു. അതെ, രാവും പകലും അവിടുത്തെ വാഗ്ദത്തങ്ങളെ ഓർമ്മിപ്പിച്ചു പ്രാർത്ഥിക്കാം. നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിന് നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ!!

കർത്താവിൽ സന്തോഷിക്കാം

ദൈവം ഞങ്ങളുടെ പ്രാർത്ഥന കേൾക്കും, നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിന് നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ? ദൈവം തന്റെ ജനത്തിന്മേൽ കനിഞ്ഞ് ഒരു ഉണർവ്വ് അയച്ചാൽ അവിടുത്തെ ജനം സന്തോഷിക്കും കാരണം, അവർ ഉണർവ്വ് പ്രാപിച്ചുവല്ലോ. അവരുടെ ഉറക്കവും മയക്കവും എല്ലാം മാറി ആത്മാവിൽ അനുഗ്രഹിക്കപ്പെട്ടവരായി സന്തോഷവും ആനന്ദവും ഉള്ളവരാകും. കാരണം ദൈവം വൻകാര്യങ്ങളെ അവർക്ക് ചെയ്തുവല്ലോ. അപ്പോൾ പാപികൾ മാനസാന്തരപ്പെടും. ജീവിക്കുന്ന വിശുദ്ധന്മാർ പാപികൾ മാനസാന്തരപ്പെട്ടതിനാൽ സന്തോഷിക്കും. ഞാൻ അവിടുത്തെ വലിയ പ്രവൃത്തികളെക്കുറിച്ച് ചിന്തിച്ച് അവിടുത്തെ ഗുണഗണങ്ങളെ ധ്യാനിക്കും. അവിടുന്ന് ശക്തനായ ദൈവം. ആകയാൽ ഞാൻ അങ്ങയെ സ്നേഹിക്കും! ഹല്ലേലൂയാ ദൈവത്തിന് മഹത്വം, അവിടുത്തേയ്ക്ക് എല്ലാം ചെയ്യാൻ കഴിയും, അവിടുന്ന് സർവ്വശക്തിയും ഉപയോഗിച്ച് നീതിയും ന്യായവും നടത്തും. ഞാൻ ദൈവത്തെ സ്നേഹിക്കും, അവിടുത്തെ നീതിയും സ്നേഹവും എന്നേയ്ക്കും നിലനിൽക്കും. ഞാൻ എന്നും അവിടുത്തെ നീതിയും സ്നേഹവും എന്നേയ്ക്കും നിലനിൽക്കും. ഞാൻ എന്നും അവിടുത്തെ സത്യത്തിൽ സന്തോഷിക്കും, അവിടുത്തെ വിശ്വസ്ഥത, അവിടുത്തേയ്ക്ക് കള്ളം പറയുവാൻ സാദ്ധ്യമല്ല; അവിടുന്ന് മാറാത്തവൻ; നിത്യമായ ആസ്തിത്വമുള്ളവൻ, ക്ഷീണമോ മരണമോ ഇല്ലത്തവൻ അതെ, പ്രീയ സഹോദരന്മാരേ, നിത്യനായ ദൈവത്തിന്റെ ഗുണഗണങ്ങൾ നമ്മുടെ ചിന്തകൾക്കൊക്കെയായാലും ഞാൻ അവയിലെല്ലാം സന്തോഷിക്കും, മറ്റെന്തിനേക്കാൾ ഞാൻ ദൈവത്തിൽ ആനന്ദിക്കും. ഇത് ഉണർവ്വിന്റെ കിരീടമത്രേ, ആളുകൾ അവനിൽ സന്തോഷിക്കും.

യഹോവേ ഞങ്ങളെ ജീവിപ്പിക്കണമേ. യഹോവേ ഞങ്ങളെ വീണ്ടും ജീവിപ്പിക്കേണമേ. ഞങ്ങൾ ഓരോരുത്തരും ഈ പരാതിക്ക് ആമേൻ പറയട്ടെ. കർത്താവേ, ഞങ്ങളുടെ പാസ്റ്ററെ ജീവിപ്പിക്കേണമേ. ഞങ്ങളുടെ സഭാ കമ്മിറ്റിയെ ഉണർത്തണേമേ. കർത്താവേ എല്ലാ പ്രവർത്തകരേയും ഉണർത്തേണമേ. കർത്താവേ ഓരോ സഭാംഗങ്ങളേയും ജീവിപ്പിക്കേണമേ. കർത്താവേ ഞങ്ങളുടെ പിന്മാറ്റക്കാരെ ജീവിപ്പിക്കണമേ. കർത്താവേ, ഞങ്ങൾ വളരുന്നു എന്ന് പറകയും മുരടിച്ചവരേയും ജീവിപ്പിക്കേണമേ. കർത്താവേ, ഭൂമിയിൽ എല്ലാടവുമുള്ള എല്ലാ സഭകളേയും ജീവിപ്പിക്കേണമേ. ഉൺവ്വിന്റെ ആത്മാവേ വരേണമേ. ഞങ്ങളുടെ മേൽ വരേണമേ. യേശുവിന്റെ നാമത്തിൽ തന്നെ. ആമേൻ.

❖

(7-ാം പേജിന്റെ തുടർച്ച)

നിസ്സാര കാര്യത്തിനുവേണ്ടി അത്യന്തം ഗൗരവതരമായ ഒരു മണിക്കൂർ

ന്റെ വചനം എന്റെ കാലിനു ദീപവും എന്റെ പാതയ്ക്ക് പ്രകാശവും ആകുന്നു”. അതുപോലെ ദൈവവചനം ഉപദേശത്തിനും, ശാസനത്തിനും ഗുണീകരണത്തിനും നീതിയുടെ അഭ്യാസത്തിനും പ്രയോജനമുള്ളത് (2തിമൊ. 3:16) ആകുന്നു. ഈ ലോകത്തിന്റെ ചതിയിൽ നിന്നും വഞ്ചനയിൽ നിന്നും ഒഴിഞ്ഞു മാറി ദൈവവചനം നൽകുന്ന പാതയിലൂടെ നടന്നു വായനയിലും, പഠിത്തത്തിലൂടെയും വചനധ്യാനത്തിലൂടെയും മന:പാഠമാക്കുന്നതിലൂടെയും അതിന്റെ ആഴങ്ങളിലേക്കിറങ്ങി പരിശുദ്ധാത്മാവിനെ ഒരു അധ്യാപകനായി ഏറ്റുകൊണ്ട് ജീവിക്കുവാൻ ദൈവവചനം നമ്മെ സഹായിക്കുന്നു.

മാത്രമല്ല, നാം ദൈവവുമായി അടുപ്പിക്കുന്ന പ്രാർത്ഥനയിലും മദ്ധ്യസ്ഥതയിലുമായി നമ്മെ കൂട്ടിച്ചേർത്ത് ദൈവത്തിന്റെ രാജ്യം നമ്മിൽ ആകുന്ന അനുഭവത്തിലാക്കിതീർക്കുന്നു. മനുഷ്യനും ദൈവത്തിനുമിടയിൽ പ്രാർത്ഥന ബന്ധം സ്ഥാപിച്ചു വ്യക്തിപരമായും ലോകത്തിലാകമാനമായും അടിസ്ഥാനപരമായും ദൈവരാജ്യം സ്ഥാപിക്കുന്നു. ഇത് വളരെ പ്രാധാന്യമർഹിക്കുന്നതും പ്രാർത്ഥനയിൽ മാത്രം അറിയാൻ കഴിയുന്നതും ജനത്തിന്റെ മുമ്പിൽ ഏറ്റവും ചെറിയ കാര്യങ്ങൾ പോലും പരിഗണിക്കുന്നതുമാണ്.

കർത്താവിന്റെ വരവിനുവേണ്ടി ഒരുങ്ങുക എന്നത് ഒരു നിസാര കാര്യമല്ല. ഒന്നിൽ അധികം പ്രാവശ്യം കല്പിച്ചിട്ടുണ്ട്. “ഒരുങ്ങുക! ” ധാരാളം പ്രാവശ്യം മയങ്ങുകയോ ഉറങ്ങുകയോ ചെയ്യരുത് എന്നും എന്നാൽ വേഗം വരുന്നു നമ്മുടെ രാജാവിന്റെ വചനങ്ങൾ ശ്രദ്ധയോട് കേട്ട്, “നിങ്ങളുടെ കർത്താവ് ഏതു ദിവസത്തിൽ വരുന്നു എന്ന് നിങ്ങൾ അറിയായ്കകൊണ്ട് ഉണർന്നിരിപ്പിൻ. അങ്ങനെ നിനെയ്ക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരുന്നതുകൊണ്ട് നിങ്ങളും ഒരുങ്ങിയിരിപ്പിൻ (മത്താ. 24:42,44). “ ..... ഒരുങ്ങിയിരുന്നവർ അവനോട്കൂടെ കല്യാണസദ്യക്ക് ചെന്നു. വാതിൽ അടയ്ക്കയുംെ ചെയ്തു. (മത്താ. 25:16). അതെ, നമ്മുടെ കർത്താവിന്റെ വചനങ്ങൾ എത്ര മാധുര്യമുള്ളത്.

എന്റെ ആത്മീക ജീവിതത്തിലൂടനീളം ഏതുവിധത്തിൽ എങ്കിലും കർത്താവിന്റെ വരവിനെ നിസാരമായി പരിഗണിക്കുന്നവനായി കണ്ടിട്ടുണ്ട് എങ്കിൽ അപ്പോസ്തലനായ പൗലൊസിനെപോലെ അനുതപിച്ച് മുമ്പിലുള്ളതിനായിട്ട് ആഞ്ഞുകൊണ്ട് ദൈവകൃപയിലും സഹായത്തിലും പുതുക്കം പ്രാപിച്ചു മുന്നേറാം.

കർത്താവിന്റെ വിശുദ്ധന്മാരായി വിളിക്കപ്പെട്ടവരായ നാം അധികം ഉറപ്പുള്ളവരായി സ്നേഹത്തിലും ലോകത്തിലെമ്പാടും ഉള്ള ക്രിസ്തുവിന്റെ ശരീരമാകുന്ന സഭയോടൊന്നിച്ചു ചേർന്നു ആത്മീക വർദ്ധന വരുത്തിയും ക്രിസ്തുവിന്റെ തലയോളം വളർന്നു കർത്താവിന്റെ വരവിനായി കാത്തിരുന്ന് പ്രാർത്ഥിക്കാം. പാസ്റ്റർമാർക്കായി, മിഷനറിമാർക്കായി എല്ലാ കർത്താവിന്റെ വേലക്കാർക്കായി പരിശുദ്ധാത്മാവിന്റെ ശക്തിക്കായി പ്രാർത്ഥിക്കാം. മൂപ്പന്മാർക്കായി ദൈവത്തിന്റെ കൃപയും ശക്തിയും പ്രാപിച്ച് ഫലപ്രദമായി വേലചെയ്യുവാൻ പ്രാർത്ഥിക്കാം. തിരക്കു പിടിച്ച മാതാപിതാക്കൾക്കുവേണ്ടി, ദൈവകൃപയും ശക്തിയും ആത്മബലവും പ്രാപിച്ചു തങ്ങളുടെ കുഞ്ഞുങ്ങളെ ദൈവവഴിയിൽ ജ്ഞാനത്തോടെ നടത്തുവാൻ പ്രാർത്ഥിക്കാം. യുവതലമുറയ്ക്കായി കുട്ടികൾക്കായി, സ്നേഹമുള്ളവരായി, തങ്ങളുടെ യൗവ്വനകാലം ദൈവത്തിനായി ചെലവിടാനായി, ബാഹ്യസമ്മർദ്ദങ്ങൾക്കെതിരായി തനിയേ നില്ക്കുവാൻ. ❖

ഉണർവ്വിനായി വിശ്വാസത്തോടെ പ്രാർത്ഥിക്കാം

By Richard Owen Roberts

വിശ്വാസത്തോടുകൂടെയുള്ള പ്രാർത്ഥന ദൈവം കേൾക്കുന്നു. വിശ്വാസമില്ലാത്ത ഹൃദയത്തിൽ നിന്നുള്ള പ്രാർത്ഥന ദൈവം കേൾക്കുന്നില്ല. യേശു പറഞ്ഞു. “ദൈവത്തിൽ വിശ്വാസം ഉള്ളവർ ആയിരിപ്പിൻ. ആരെങ്കിലും തങ്ങളുടെ ഹൃദയത്തിൽ സംശയിക്കാതെ താൻ പറയുന്നതു സംഭവിക്കും എന്ന് വിശ്വസിച്ചുകൊണ്ട് ഈ മലയോട് നീങ്ങി കടലിൽ പാടിപോക എന്ന് പറഞ്ഞാൽ അവൻ പറഞ്ഞതുപോലെ സംഭവിക്കും എന്ന് ഞാൻ സത്യമായിട്ടു നിങ്ങളോട് പറയുന്നു. അതുകൊണ്ട് നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ യാചിക്കുന്നതൊക്കെയും ലഭിച്ചു എന്ന് വിശ്വസിപ്പിൻ. എന്നാൽ അത് നിങ്ങൾക്കുണ്ടാകും എന്ന് ഞാൻ നിങ്ങളോടു പറയുന്നു”. (മർക്കൊ. 11:22-24).

ഏതാണ് പ്രയാസകരം മലയെ നീക്കി സമുദ്രത്തിൽ ഇടുന്നതോ തന്റെ പ്രവൃത്തിക്ക് ജീവൻ കൊടുക്കുന്നതോ? ഒരിക്കലുമില്ല! ദൈവത്തിന് പ്രയാസകരമായി ഒന്നും തന്നെയില്ല. നാം ഓരോരുത്തരും അസാദ്ധ്യതകളുടെകൂടെയാണ്. നാം പലപ്പോഴും വിചാരിക്കുന്നത് ദൈവത്തിനു പല കാര്യങ്ങളും ചെയ്യുവാൻ കഴിയുമെന്ന് വിശ്വസിപ്പാൻ കഴിയുന്നില്ല. അതിന്റെ ഫലമായി നമ്മുടെ പ്രാർത്ഥനകൾ പലപ്പോഴും ഫലം ശൂന്യമായിത്തീരാറുണ്ട്. വിശ്വാസത്തോട് കൂടിയുള്ള പ്രാർത്ഥനകൾ പലപ്പോഴും ഫലശൂന്യമായിത്തീരാറുണ്ട്. വിശ്വാസത്തോടുകൂടിയുള്ള പ്രാർത്ഥന ദൈവത്തിന്റെ ഇഷ്ടത്തെക്കുറിച്ചു ള്ള അറിവുമായി ബന്ധപ്പെട്ടിരിക്കുന്നു. നാം ദൈവത്തിന്റെ ഇഷ്ടം സംബന്ധിച്ചു അറിവില്ലാതിരുന്നാൽ നമ്മുടെ പ്രാർത്ഥനയിൽ നമുക്ക് ഉറപ്പില്ലാത്തതിനാൽ ആവശ്യത്തിനുള്ള വിജയം ലഭിക്കാതെ പോകുന്നു.

വിശ്വാസപ്രേരിതമായ രണ്ട് ചോദ്യങ്ങൾ

ഉണർവ്വിനെ സംബന്ധിച്ച് രണ്ട് ചോദ്യങ്ങൾ ചോദിക്കുന്നു. ഒന്നാമതായി, ദൈവത്തിന്റെ നാമത്തിന്റെ മഹത്വത്തിന് വേണ്ടിയുള്ളതാണോ ഈ ഉണർവ്വ്. ദൈവത്തിന്റെ മഹത്വത്തിന് വേണ്ടിയുള്ളതല്ലെങ്കിൽ അത് സംഭവിക്കേണ്ടുന്ന ഒന്നാണ്. യഥാർത്ഥ ഉണർവ്വ് എന്നത്, അത്ഭുതകരമായ, ആഴമേറിയ, വിശാലമായ മഹത്വപൂർണ്ണമായ ഉണർവ്വാണ് പതിനായിരക്കണക്കിന് പിന്മാറ്റക്കാർ യഥാർത്ഥ ഉറപ്പുള്ള വിശ്വാസികളായിത്തീരുകയും എണ്ണമില്ലാത്ത അവിശ്വാസികൾ ക്രിസ്തുവുമായുള്ള രക്ഷയുടെ ബന്ധത്തിലാവുകയും ചെയ്യുന്ന അനുഭവമല്ലേ കൂടുതലായി ദൈവത്തിന് മഹത്വം വരുത്തുന്ന ഉണർവ്വ്?

ഈ സത്യ ആവർത്തിച്ചു പറയുന്ന സങ്കീർത്തനക്കാരന്റെ പ്രാർത്ഥന: “നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിന്, നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കയില്ലയോ ” (സങ്കീ. 856). ഉണർവ്വു വ്യാപരിക്കുന്നതിനാൽ ദൈവത്തിന്റെ മഹത്വം അധികമായി വർദ്ധിക്കുന്നു, അതുകൊണ്ട് ഈ പ്രസ്താവനയിൽ നിന്നും, കുറഞ്ഞപക്ഷം, നാം ഉറപ്പോടെ പ്രാർത്ഥിക്കേണ്ടതാണ്.

രണ്ടാമതായി, ഉണർവ്വ് കർത്താവായ യേശുക്രിസ്തുവിന്റെ വേല ഭൂമിയിൽ നടക്കുന്ന സഹായമാണോ? ഈ പ്രധാനമായ പരാതിക്ക് പൂർത്തീകരണമുണ്ടാകുമോ? “നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെപ്പോലെ ഭൂമയിലും ആകേണമേ ”. നാം ഇങ്ങനെ വീണ്ടും ചോദിച്ചേക്കാം, ദൈവത്തിന്റെ ഇഷ്ടവും ഉദ്ദേശവും നിവർത്തിക്കുന്നതിനേക്കാൾ വലിയ ഉണർവ്വ് ഏതെങ്കിലുമാണോ എന്ന്.

ദൈവത്തിന്റെ ഇഷ്ടവും ഉദ്ദേശവും നിവർത്തിക്കുന്നതിനേക്കാൾ വലിയ അത്ഭുതം വേറെ ഇല്ല എന്ന് ഞാൻ വ്യക്തിപരമായി വിശ്വസിക്കുന്നു. നിശ്ചമായി, ഉണർവ്വിനു വേണ്ടിയുള്ള പ്രാർത്ഥന ദൈവത്തിന്റെ ഇഷ്ടത്തിനുവേണ്ടിയുള്ളതാകട്ടെ, നമ്മുടെ പ്രാർത്ഥന സ്വർഗ്ഗത്തോളം എത്തുന്ന ഉറപ്പുള്ള വിശ്വാസത്തിന്റെ പ്രാർത്ഥനയായി തീരുമാറാകട്ടെ. ❖

കർത്താവേ എന്നെ നയിക്കേണമേ, എന്നെ നയിക്കേണമേ

എന്നെ നയിക്കേണമേ, അതെ, എന്നെ നയിക്കണമേ, കർത്താവേ
എങ്ങനെ പോകേണം എന്നു ഞാൻ അറിയുന്നില്ല,
ലോകത്തിന് വേണ്ടി ആത്മഭാരത്തോടെ എന്നെ നയിക്കേണമേ,

കൊടുക്കുവാൻ, പോകുവാൻ, എന്നാൽ കൂടുതൽ
പ്രാർത്ഥിക്കുവാൻ എന്നെ അയക്കേണമേ
രക്തച്ചുവപ്പുള്ള കൊടി ഉയർത്തുവോളം
എന്നെ നയിക്കേണമേ,
രാജ്യങ്ങൾ ഇപ്പോഴും ഇരുളിൽ കിടക്കുന്നു
ഇതുവരെയും ക്രൂശു ഉയർത്തപ്പെടാത്ത മരു
ഭൂമികളിലേക്ക് എന്നെ നയിക്കണമേ

എന്നെ നയിക്കേണമേ, അതെ, കർത്താവേ, എന്റെ
ഹൃദയം നിറയുംവരെ
ആത്മഭാരത്താൽ ഞാൻ നിറയട്ടെ;
നിർബ്ബന്ധിക്കുന്ന നിന്റെ വചനത്താൽ പ്രാർത്ഥന
യ്ക്കായി ഞാൻ ഓടുമാറാകട്ടെ;
നിന്റെ നിർബ്ബന്ധിക്കുന്ന നിന്റെ വചനത്താൽ
പ്രാർത്ഥനയ്ക്കായി ഞാൻ ഓടുമാറാകട്ടെ.
നിന്റെ നിർബ്ബന്ധിക്കുന്ന സ്നേഹം ഭൂമിയുടെ അറ്റ
ങ്ങളോളം എത്തുംവരെ
വടക്കു മുതൽ തെക്കുവരെയും കത്തുന്ന ആഴമേറിയ
ആഗ്രഹം,
കിഴക്കു മുതൽ പിടഞ്ഞാറുവരെയും പടർന്നു പിടിക്കുന്ന
സ്നേഹത്തിന്റെ അഗ്നി

നയിച്ചാലും, അതെ, കർത്താവേ, നയിച്ചാലും,
നിന്റെ ഹൃദയം ഓടിയിരിക്കുന്നു
നിന്റെ തീവ്രമായ സ്നേഹത്തിന്റെ തീ പകരുവോളം
നിന്റെ ഏകപുത്രൻ, അവിടുന്നു സ്നേഹിക്കുന്നവൻ
കാഠിന്യമേറിയ ക്രൂശുമേന്തി ഞാൻ ജീവിക്കേണ്ടതിന്
എന്നെത്തന്നെ അങ്ങേയ്ക്ക് തരുന്നു
അങ്ങയെ തരുവാൻ കഴിഞ്ഞതുപോലെ
ഞാനും ആയിത്തീരട്ടേ

എന്നെ നയിച്ചാലും, അതെ, കർത്താവേ എന്നെ നയിച്ചാലും, ഞാൻ കാണും
നിന്റെ മഹത്വമുള്ള വിജയത്തിന്റെ നാൾ ആരംഭിക്കുന്നു;
പ്രഭാതം കിഴക്കൻ മേഘങ്ങളെ വർണ്ണപൂരിതമാക്കുന്നു;
ക്രിസ്തുവിന്റെ സഭയേ, എഴുന്നേൽക്ക, ഉണരുക, ഉണരുക
ഞങ്ങളെ നയിക്കേണമേ, അതെ, കർത്താവേ,
അങ്ങയുടെ വരവിൻ നാളിനായ്
രാത്രി കഴിഞ്ഞുപോകുന്നു, നമ്മുടെ രാജാവ് വരുന്നു.